(ബി) ഡ്രൈവിംഗ് ലൈസൻസ്, വാഹനരജിസ്ട്രേഷൻ തുടങ്ങിയ നിരവധി ആവശ്യങ്ങൾക്ക് ഓഫീസുകളിലെത്തുന്നവരുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ സർവ്വീസ് എളുപ്പമാക്കുന്നതിനും കുറ്റമറ്റതാക്കുന്നതിനും എന്തെല്ലാം സൗകര്യങ്ങളാണ് ഈ സർക്കാർ വർദ്ധിപ്പിച്ചത് എന്ന് പറയാമോ?

ഉത്തരം

(എ) ജീവനക്കാരുടെ പരിമിതിയുണ്ടെങ്കിലും സേവനങ്ങൾ കുറ്റമറ്റ രീതിയിൽ നൽകി വരുന്നുണ്ട്.

(ബി) ജനങ്ങൾക്ക് ഓഫീസുകളെ ആശ്രയിക്കുന്നതിനുള്ള ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനായി ഓൺലൈൻ ആപ്ലിക്കേഷനും, ഇ-പേയ്മെന്റ് സംവിധാനവും മോട്ടോർ വാഹന വകുപ്പിൽ നടപ്പിലാക്കിയിട്ടുണ്ട്. വകുപ്പിന്റെ പ്രവർത്തനം മുഴുവനും കമ്പ്യൂട്ടർവൽക്കരിച്ചിട്ടുള്ളതിനാൽ ജനങ്ങൾക്ക് വേഗത്തിൽ സേവനങ്ങൾ നൽകുവാൻ സാധിക്കുന്നുണ്ട്. ഓൺലൈൻ സേവനങ്ങൾ ഉപയോഗിക്കുവാൻ സാഹചര്യ മില്ലാത്തവർക്കായി എല്ലാ ഓഫീസുകളിലും കുടുംബശ്രീയുടെ സഹായത്തോടെ ഇ-സേവാ കേന്ദ്രങ്ങൾ ആരംഭിക്കുന്നുണ്ട്. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ആർ.ടി. ഓഫീസുകളിൽ പ്രസ്തുത പദ്ധതി ആരംഭിച്ചുകഴിഞ്ഞു.

ഹോളോഗ്രാം പതിച്ച സ്മാർട്ട് നമ്പർ പ്ലേറ്റുകൾ നടപ്പിലാക്കുന്നതിന് നടപടി

257 (3364) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. സി. മോയിൻ കുട്ടി :
ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരേ നമ്പരിലും പെർമിറ്റിലും ഒന്നിലേറെ വാഹനങ്ങൾ നിരത്തിലിറക്കുന്ന തട്ടിപ്പുകൾ വർദ്ധിച്ചുവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വ്യാജ നമ്പരുകൾ പ്രദർശിപ്പിച്ച് വാഹനങ്ങൾ ഓടിക്കുന്നതായ ക്രമക്കേട് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) പ്രസ്തുത പ്രശ്നങ്ങൾ പരിഹരിക്കാൻ ഹോളോഗ്രാം പതിച്ച സ്മാർട്ട് നമ്പർ പ്ലേറ്റുകൾ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) വ്യാജ നമ്പരുകൾ പ്രദർശിപ്പിച്ച് വാഹനങ്ങൾ ഓടിക്കുന്നതായി 3 ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്.

1. MH 4 GC 8248 എന്ന വ്യാജ നമ്പറിലുള്ള വാഹനം മോട്ടോർ വാഹന വകുപ്പ് കസ്റ്റഡിയിലെടുത്ത് മൂവാറ്റുപുഴ പോലീസിന് തുടർ നടപടിക്കായി കൈമാറിയിട്ടുണ്ട്.

2. KL 06 G 8855 എന്ന യഥാർത്ഥ നമ്പരായ അന്തർ സംസ്ഥാന കോൺട്രാക്ട് ക്യാരേജ് വാഹനം KA-01-AO-7857 എന്ന വ്യാജ നമ്പർ പ്രദർശിപ്പിച്ച് സർവീസ് നടത്തിയത് ശ്രദ്ധയിൽപ്പെട്ടതിനാൽ ടി വാഹനത്തിനെതിരെ കേസെടുത്ത് തൃപ്പൂണിത്തുറ മരട് പോലീസ് കസ്റ്റഡിയിൽ കൈമാറിയിട്ടുണ്ട്.

3. 7-1-2016-ന് വാളയാർ ചെക്ക് പോസ്റ്റിൽവച്ച് കെ. എ. 01 ഡി 3744 എന്ന കോൺട്രാക്ട് ക്യാരേജ് വാഹനം പിടിക്കുകയും, പോലീസിൽ ഏൽപ്പിക്കുകയും ചെയ്തു. വാഹനത്തിന്റെ ശരിയായ നമ്പർ കെ.എ. 01 എ.ഡി. 3726 ആണെന്ന് ചെക്ക് റിപ്പോർട്ട് നൽകിയിട്ടുണ്ട്.

(സി) നമ്പർ പ്ലേറ്റിൽ (രജിസ്ട്രേഷൻ മാർക്ക്) കൃത്രിമങ്ങൾ കാണിച്ച് കറ്റകൃത്യങ്ങളിൽ ഏർപ്പെടുന്ന പ്രവണത ഇല്ലാതാക്കാനായി അതിസുരക്ഷാ നമ്പർ പ്ലേറ്റുകൾ (High security Registration Plates) വാഹനങ്ങളിൽ സ്ഥാപിക്കുന്നതിനുള്ള ദർഘാസുകൾ സംസ്ഥാന സർക്കാർ ക്ഷണിക്കുകയും തുടർ നടപടികൾ ആരംഭിക്കുകയും ചെയ്തുവെങ്കിലും ഇതിനെതിരെ M/s. Tonnjes Eastern Security Technologies, New Delhi ബഹു. സുപ്രീംകോടതി മുമ്പാകെ ഫയൽ ചെയ്ത സ്പെഷ്യൽ ലീവ് പെറ്റീഷൻ 13630-13631/2011-ൽ ബഹു. സുപ്രീംകോടതി 13-5-2011-ൽ പുറപ്പെടുവിച്ച ഇടക്കാല ഉത്തരവിൽ ദർഘാസ് നടപടികളിൽ 13-5-2011-ലെ സ്ഥിതി (Status quo) തുടരാൻ ഉത്തരവായിരുന്നു. ടി സ്പെഷ്യൽ ലീവ് പെറ്റിഷനുകളിൽ എതിർ സത്യവാങ്മൂലം ഫയൽ ചെയ്യുകയും തുടർന്ന് 11-1-2016-ൽ ബഹു. സുപ്രീംകോടതി പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം 2011 മുതൽ 2012 വരെ ബഹു. സുപ്രീംകോടതി അതിസുരക്ഷാ നമ്പർ പ്ലേറ്റ് നടപ്പാക്കുന്ന പദ്ധതി സംബന്ധിച്ച വിഷയത്തിൽ പുറപ്പെടുവിച്ച വിധികൾ അനുസരിച്ച് തീരുമാനം എടുക്കാൻ ഉത്തരവായിട്ടുണ്ട്. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ മോട്ടോർ വാഹന വകുപ്പ് സ്വീകരിച്ചു വരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly